(4) വി. ശാന്തകുമാരൻ
(5) ആർ. രാമചന്ദ്രൻ
(6) പി. രാഘവൻ
(7) എം.ആർ വിലാസിനി
(8) കരിമുള്ളഖാൻ
(9) എൽ. അശോകൻ
(10) ജി. സുബ്രമണ്യവാര്യർ
(11) വി. സരസ്വതി
(12) എം. അബ്ദുൾകലാം
(13) കെ.പി ചന്ദ്ര പ്രകാശ്
(14) കെ. വനജാക്ഷൻ
(15) പി. മേരിക്കുട്ടി
(16) ഇ. ഹുസൈനാബീവി
(17) കെ. അശോക് കുമാർ
(18) മാധവിക്കുട്ടി
(19) ബി. രവി
(20) കെ. പവിത്രൻ
(21) പി. ചന്ദ്രശേഖരൻ
(22) വി.സി. രാജമ്മ.

(ഇ) ഇവർ മാറ്റത്തിനായി ഗവൺമെന്റിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. ക്വാർട്ടേഴ്സ് അലോട്ട്മെന്റ് ചട്ടപ്രകാരം ഗവൺമെന്റിൽ നിക്ഷിപ്തമായിട്ടുള്ള അധികാരമുപയോഗിച്ച് പ്രത്യേക ഉത്തരവു പ്രകാരമാണ് ഇവർക്ക് 'എ' ടൈപ്പ് ക്വാർട്ടേഴ്സ് നല്കിയിട്ടുള്ളത്.

(എഫ്)&(ജി) 36/440-ാം നമ്പർ ഫ്ളാറ്റിൽ താമസിച്ചിരുന്ന ആൾ ഫ്ളാറ്റ് ഒഴിഞ്ഞ മുറയ്ക്ക്, സർക്കാരിൽ നിന്ന് പ്രത്യേക ഉത്തരവ് പ്രകാരം പ്രസ്തുത ക്വാർട്ടേഴ്സ് അനുവദിച്ചു കിട്ടിയ വ്യക്തിക്ക് ക്വാർട്ടേഴ്സ് അനുവദിക്കുകയാണുണ്ടായത്.

(എച്ച്)&(ഐ) 16/180-ാം നമ്പർ ഫ്ളാറ്റ് അനുവദിച്ച് കിട്ടിയ വ്യക്തി വിദേശത്ത് ജോലി നോക്കിയിരിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

111 (2489) പെൻഷനായതിനുശേഷം ക്വാർട്ടേഴ്സിൽ തുടരുന്നവർ

ശ്രീ. ബി.വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമന രാജീവ് നഗർ ഗവൺമെന്റ് ക്വാർട്ടേഴ്സിൽ പെൻഷൻ പറ്റിയതിന് ശേഷം താമസം തുടരുവാനുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ബി) ഇതിന് വിരുദ്ധമായി നിയമാനുസൃതമായ അനുവാദമില്ലാതെ പെൻഷൻ പറ്റിയതിനുശേഷം രണ്ടും മൂന്നും വർഷം കഴിഞ്ഞവർ പ്രസ്തുത ക്വാർട്ടേഴ്സിലെ ഫ്ളാറ്റുകളിൽ തുടരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരെ ഒഴിപ്പിച്ച് അർഹരായ ജീവനക്കാർക്ക് പ്രസ്തുത ഫ്ളാറ്റുകൾ അലോട്ടു ചെയ്യാൻ നടപടി കൈക്കൊള്ളുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത ക്വാർട്ടേഴ്സിന്റെ 15 കിലോമീറ്റർ ചുറ്റളവിനുള്ളിൽ സ്വന്തമായി വീടുള്ള ആർക്കെല്ലാം ഇവിടെ ഫ്ളാറ്റുകൾ അലോട്ടുചെയ്തുകൊടുത്തിട്ടുണ്ട്;

(ഡി) ഇതിൽ സ്വന്തം വീടുകൾ വാടകയ്ക്ക് നൽകിയിട്ടുള്ളവർ ആരെല്ലാം; ഇത്തരക്കാരെ പ്രസ്തുത ഫ്ളാറ്റുകളിൽ നിന്നും ഒഴിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) സർക്കാർ ജീവനക്കാരുടെ കുടുംബങ്ങൾക്ക് താമസിക്കുന്നതിനായി നിർമ്മിച്ചിട്ടുള്ള ഇവിടത്തെ ഫ്ളാറ്റുകളിൽ അവിവാഹിതരായ ജീവനക്കാർക്ക് താമസിക്കുവാൻ അനുവാദം നൽകുന്നതുകൊണ്ട് കുടുംബങ്ങളായി താമസിക്കുന്നവർ നേരിടുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരക്കാരെ ഒഴിപ്പിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ ക്വാർട്ടേഴ്സിൽ താമസിക്കുന്ന ജീവനക്കാർക്ക് അവർ ആവശ്യപ്പെടുന്ന പക്ഷം പെൻഷനായ തീയതി മുതൽ 6 മാസമോ, അദ്ധ്യയന വർഷം അവസാനിക്കുന്നതുവരെയോ ഏതാണോ ആദ്യം വരുന്നത് അതുവരെ ക്വാർട്ടേഴ്സിൽ തുടർന്നു താമസിക്കുന്നതിന് ക്വാർട്ടേഴ്സ് അലോട്ട്മെന്റ് ചട്ടങ്ങളിൽ വ്യവസ്ഥയുണ്ട്.

(ബി) നിയമാനുസൃതമായ അനുവാദമില്ലാതെ പെൻഷൻ പറ്റിയതിനുശേഷം ക്വാർട്ടേഴ്സുകളിൽ താമസിയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അവരെ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(സി) ക്വാർട്ടേഴ്സിന് വേണ്ടിയുള്ള അപേക്ഷാഫാറത്തിൽ 15 കി.മീറ്റർ ചുറ്റളവിൽ അപേക്ഷകന്റെയോ ഭാര്യയുടെയോ അവിവാഹിതരായ മക്കളുടേയോ പേരിൽ സ്വന്തമായി വീടില്ലെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുള്ള അപേക്ഷകൾ മാത്രമേ ക്വാർട്ടേഴ്സിന് വേണ്ടി രജിസ്റ്റർ ചെയ്യുന്നുള്ളൂ. ആയതിനാൽ സ്വന്തമായി വീടുള്ളവർക്ക് ക്വാർട്ടേഴ്സ് അനുവദിക്കുന്നില്ല.

(ഡി) ക്വാർട്ടേഴ്സ് അനുവദിച്ചതിനുശേഷം സ്വന്തമായി വീടുവച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ട രണ്ടുപേരെ (വിഘ്നേശ്വരൻ നായർ, ക്ളാർക്ക് പി.ഡബ്ള്യു.ഡി. ബിൽഡിംഗ്സ് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ്, കെ.പി ജോഷ്വാ ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം) ക്വാർട്ടേഴ്സുകളിൽ നിന്നും ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചതനുസരിച്ച് ശ്രീ. വിഘ്നേശ്വരൻ നായർ ക്വാർട്ടേഴ്സ് ഒഴിയുകയും കെ.പി. ജോഷ്വാ ഹൈക്കോടതിയിൽ നിന്ന് സ്റ്റേ വാങ്ങിച്ച് ക്വാർട്ടേഴ്സിൽ തുടരുകയും ചെയ്യുന്നു.

(ഇ) ക്വാർട്ടേഴ്സ് അലോട്ട്മെന്റ് റൂൾ പ്രകാരം അവിവാഹിതർക്ക് ക്വാർട്ടേഴ്സിനർഹതയില്ല ആയതിനാൽ ക്വാർട്ടേഴ്സ് അനുവദിക്കുന്നില്ല. ശ്രദ്ധയിൽപ്പെട്ടാൽ ഇത്തരക്കാരെ ഒഴിപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

112 (2490) ഗവൺമെന്റ് ക്വാർട്ടേഴ്സ്

ശ്രീ. ഇ.എം അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly